ഉത്തരം

(എ) ഐ. ആർ. ഡി. പി., എൻ. ആർ. ഇ. പി., ആർ. എൽ. ഇ. ജി.പി. സി. ഡി. സ്കീം., എ. എൻ. പി. തുടങ്ങിയ പദ്ധതികൾക്കായി ഈ കാലയളവിൽ നാവായിക്കുളം പഞ്ചായത്തിൽ 19.61 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം ഈ പഞ്ചായത്തിൽ 811 പേർക്ക് കിട്ടിയിട്ടുണ്ട്. ഇതിനുപുറമേ പഞ്ചായത്തിലെ പൊതുജനങ്ങൾക്ക് പൊതുവായും.

ഇരുപതിന പരിപാടിയനുസരിച്ച് കരവാരം പഞ്ചായത്തിൽ ചെലവാക്കിയ തുക

1393. [2079] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിന പരിപാടിയനുസരിച്ച് 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ മണ്ഡലത്തിൽ കരവാരം പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രയോജനം അവിടെ എത്ര പേർക്ക് കിട്ടിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഐ. ആർ. ഡി. പി., എൻ, ആർ. ഇ. പി., ആർ. എൽ. ഇ. ജി. പി., സി. ഡി. സ്കീം. എ. എൻ. പി. എന്നീ പദ്ധതികൾക്കായി ഈ കാലയളവിൽ കരവാരം പഞ്ചായത്തിൽ 10.1 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഇതിന്റെ പ്രയോജനം പഞ്ചായത്തിൽ 620 പേർക്ക് കിട്ടിയിട്ടുണ്ട്. ഇതിനു പുറമേ പഞ്ചായത്തിലെ പൊതുജനങ്ങൾക്ക് പൊതുവായും.

ഇരുപതിന പരിപാടിയനുസരിച്ച് മുദാക്കൽ പഞ്ചായത്തിൽ ചെലവാക്കിയ തുക

1394. [2080] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇരുപതിന പരിപാടിയനുസരിച്ച് 1982 ഏപ്രിൽ ഒന്നു മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ മണ്ഡലത്തിൽ മുദാക്കൽ പഞ്ചായത്തിൽ ഏതെല്ലാം പദ്ധതികൾക്കുവേണ്ടി എന്തു തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ പ്രയോജനം അവിടെ എത്ര പേർക്കു കിട്ടിയിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly